എറണാകുളം ജില്ലയിൽ പോലീസ് വകുപ്പിൽ വനിത പോലീസ് കോൺസ്റ്റബിൾ (ആംഡ് പോലീസ് ബറ്റാലിൻ) തസ്തികയിലേയ്ക്ക് 7/10/2013 മുതൽ 10/10/2013 തീയതി വരെയും എക്സൈസ് വകുപ്പിൽ വനിതാ എക്സൈസ് ഗാർഡ് തസ്തികയിലേയ്ക്ക് 17/10/13 മുതൽ 28/10/13 വരെയും നടത്തിയ കായിക ക്ഷമതാ പരീക്ഷയ്ക്ക് വിവിധ കാരണങ്ങളാൽ പങ്കെടുക്കുവാൻ കഴിയാതിരുന്ന ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതികൾ പരിഗണിച്ച് അവർക്കായി തിരുവനന്തപുരം പേരൂർക്കട എസ്.എ.പി. ഗ്രൗണ്ടിൽ 20/11/2013 ന് കായിക ക്ഷമതാ പരീക്ഷ നടത്തുന്നതാണ്. എന്നാൽ ഒരിക്കൽ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുത്തവർക്ക് യാതൊരു കാരണവശാലും വീണ്ടും അവസരം നൽകുന്നതല്ല. ഉദ്യോഗാർത്ഥികൾ അന്നേ ദിവസം രാവിലെ 6.30 നു തന്നെ മേൽ പറഞ്ഞ സ്ഥലത്ത് യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ കാർഡ് (അസ്സലും, പകർപ്പുകളും) മെഡിക്കൽ സർട്ടിഫിക്കറ്റ് (നിശ്ചിത മാതൃകയിലുള്ളത്), പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഹാജരാകേണ്ടതാണ്.